സ്വാശ്രയ മേഖലയിൽ അനുവദിച്ചിട്ടുള്ള കോളേജുകൾ

141 [740] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സ്വാശ്രയമേഖലയിൽ എത്ര എഞ്ചിനീയറിംഗ്, മെഡിക്കൽ, ഡെന്റൽ, നഴ്സിംഗ്, ഫാർമസി, എം.ബി.എ., ലാ, ബി.എഡ്. കോളേജുകൾ, ടി.ടി.ഐ.-കൾ എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) അവ ഏതെല്ലാം വ്യക്തിഗത കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സ്വാശ്രയ മേഖലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജും ഒരു എം.ബി.എ. സ്ഥാപനവും അനുവദിച്ചിട്ടുണ്ട്. ലോ കോളേജുകളും, ബി.എഡ്. കോളേജുകളും അനുവദിച്ചിട്ടില്ല. മെഡിക്കൽ, ഡെന്റൽ, നേഴ്സിംഗ്, ഫാർമസി, ടിടിഐ-കൾ എന്നിവ സംബന്ധിക്കുന്ന വിശദാംശം ശേഖരിച്ചു നൽകുന്നതാണ്.

(ബി) തിരുവനന്തപുരത്ത് സോഷ്യൽ ജസ്റ്റീസ് ഫൗണ്ടേഷന്റെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജും, തിരുവനന്തപുരത്ത് കൺസോർഷ്യം ഓഫ് നാഷണൽ സെൽഫ് ഫൈനാൻസിംഗ് പ്രൊഫഷണൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ ഒരു എം.ബി.എ. സ്ഥാപനവുമാണ് അനുവദിച്ചത്. മെഡിക്കൽ, ഡെന്റൽ, നേഴ്സിംഗ് ഫാർമസി, ടി.ടി.ഐ.-കൾ എന്നിവ സംബന്ധിക്കുന്ന വിശദാംശം ശേഖരിച്ചുനൽകുന്നതാണ്.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അഡ്മിഷൻ

142 [741] ശ്രീ. എ. സുജനപാൽ:

" പ്രയാർ ഗോപാലകൃഷ്ണൻ:

" ടി. എൻ. പ്രതാപൻ:

" ലൂഡി ലൂയിസ്:

" ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 വിദ്യാഭ്യാസ വർഷത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ട സീറ്റുകൾ എത്രയായിരുന്നു ;

(ബി) പ്രസ്തുത വർഷം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മെരിറ്റ് സീറ്റിൽ എത്ര പേർക്ക് അഡ്മിഷൻ കൊടുത്തു;

(സി) ഈ കാലയളവിൽ പ്രസ്തുത വിഭാഗക്കാർക്ക് പേയ്മെന്റ് സീറ്റിൽ എത്ര പേർക്ക് അഡ്മിഷൻ കൊടുത്തു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത വിഭാഗക്കാർക്ക് ലഭിക്കേണ്ട സീറ്റുകളിൽ മെരിറ്റ് സീറ്റും ഉൾപ്പെടുമോ ;

(ഇ) ഉൾപ്പെടുമെങ്കിൽ എത്ര മെരിറ്റ് സീറ്റുകൾ ഈയിനത്തിൽ ഉണ്ടെന്ന് പറയാമോ;

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കർഹമായ മെരിറ്റ് സീറ്റുകൾ നൽകാത്ത സ്വാശ്രയ കോളേജ് അധികൃതരുടെ മേൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2003-04-ലെ വിദ്യാഭ്യാസ വർഷത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പട്ടികജാതിക്കാർക്ക് ലഭിക്കേണ്ടിയിരുന്ന സീറ്റുകളുടെ എണ്ണം 581-ം പട്ടികവർഗ്ഗക്കാർക്ക് ലഭിക്കേണ്ടത് 15-ം ആയിരുന്നു.

(ബി) എസ്. സി. വിഭാഗത്തിൽ 580 പേർക്കും എസ്. റ്റി. വിഭാഗത്തിൽ 19 പേർക്കും അലോട്ട്മെന്റ് നൽകി.

(സി) 2003-04 അദ്ധ്യായന വർഷം മുതൽ പേയ്മെന്റ് സീറ്റുകൾ മാനേജ്മെന്റ് സീറ്റുകൾ ആയി പുനർനാമകരണം ചെയ്യുകയും ആ സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്താൻ അതത് മാനേജ്മെന്റുകൾക്ക് അധികാരം നൽകുകയും ചെയ്തിട്ടുണ്ട്. മാനേജ്മെന്റുകൾ നടത്തിയ അഡ്മിഷന്റെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഡി) മാനേജ്മെന്റ് സീറ്റുകളിൽ മെരിറ്റ് സീറ്റ് ഉൾപ്പെടുന്നില്ല.

(ഇ) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(എഫ്) മെരിറ്റ് സീറ്റുകളിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തിയ അലോട്ട്മെന്റിൽ നിന്ന് ആരെയും സ്വാശ്രയ കോളേജുകൾ അഡ്മിറ്റ് ചെയ്യാത്തതായി പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

സ്വാശ്രയ സർവ്വകലാശാല സ്ഥാപിക്കാൻ നിയമനിർമ്മാണം

143 [742] ശ്രീ. എം. പി. ഗംഗാധരൻ:

,, എം. എ. വാഹീദ്:

,, ഡി. സുഗതൻ:

,, ജി. കാർത്തികേയൻ:

,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സർവ്വകലാശാല ആരംഭിക്കുന്നതിന് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് മുൻകൈയെടുത്തിട്ടുള്ളത് ആരെല്ലാമാണ്;

(ബി) സ്വാശ്രയ സർവ്വകലാശാല ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ;

(സി) ഇതിനുള്ള നിയമനിർമ്മാണം എന്നത്തേക്ക് വരുത്തുമെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly